സർവ്വശിക്ഷാ അഭിയാൻ പദ്ധതി

145 (2864) ശ്രീ. ടി. കെ. ദേവകുമാർ :
ശ്രീ. ടി. കെ. ബാലൻ :
ശ്രീ. എം. വി. ഗോവിന്ദൻ മാസ്റ്റർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സർവ്വശിക്ഷാ അഭിയാൻ വിദ്യാഭ്യാസ പദ്ധതി സംസ്ഥാനത്ത് ഏതെല്ലാം ജില്ലകളിൽ നടപ്പിലാക്കിയിട്ടുണ്ട് ;

(ബി) ഏതൊക്കെ സ്റ്റാൻഡേർഡുകളിലാണ് ഈ വിദ്യാഭ്യാസ പദ്ധതി നടപ്പിലാക്കിയിട്ടുള്ളത് ;

(സി) ഈ പദ്ധതിക്ക് കേന്ദ്ര മുതൽ മുടക്കിന്റെ തോത് എത്രയാണ് ; സംസ്ഥാനത്തിന് കേന്ദ്രത്തിൽ നിന്നും ഈ വർഷം ലഭിക്കേണ്ട വിഹിതം പൂർണ്ണമായും ലഭിച്ചുവോ ;

(ഡി) ഇല്ലെങ്കിൽ എന്ത് കൊണ്ട് ലഭിച്ചിട്ടില്ല ;

(ഇ) കേന്ദ്ര വിഹിതം പൂർണ്ണമായും നേടിയെടുക്കാൻ കൈക്കൊണ്ട നടപടികൾ വെളിപ്പെടുത്തുമോ ?

ഉത്തരം

(എ) സംസ്ഥാനത്ത് എല്ലാ ജില്ലകളിലും നടപ്പിലാക്കിയിട്ടുണ്ട്.

(ബി) ഒന്നു മുതൽ എട്ടു വരെ സ്റ്റാൻഡേർഡുകളിൽ.

(സി) ഒൻപതാം പഞ്ചവത്സര പദ്ധതി കാലത്ത് പദ്ധതി അടങ്കലിന്റെ 85 ശതമാനവും പത്താം പഞ്ചവത്സര പദ്ധതിക്കാലത്ത് പദ്ധതി അടങ്കലിന്റെ 75 ശതമാനവും അതിനുശേഷം പദ്ധതി അടങ്കലിന്റെ 50 ശതമാനവും കേന്ദ്ര മുതൽ മുടക്ക്. ഈ വർഷം (2003-04) 12742.87 ലക്ഷം രൂപയുടെ പദ്ധതി അടങ്കലാണ് കേന്ദ്ര സർക്കാർ അംഗീകരിച്ചിട്ടുള്ളത്. ഇതിൽ നിന്നും ആദ്യ ഗഡുവായി 2466 ലക്ഷം രൂപ കേന്ദ്ര വിഹിതമായി അനുവദിച്ചിട്ടുണ്ട്.

(ഡി&ഇ) ഒരു വർഷം കേന്ദ്ര വിഹിതം ലഭിക്കുന്നത് രണ്ട് തവണയായിട്ടാണ്. ഒന്നാം ഗഡുവായി ലഭിക്കുന്ന കേന്ദ്ര വിഹിത തുകയുടെ 25 ശതമാനം സംസ്ഥാന വിഹിതം ലഭ്യമാക്കുകയും ഈ മൊത്തം തുകയുടെ 50 ശതമാനം ചെലവഴിച്ചതിന്റെ വിനിയോഗ സർട്ടിഫിക്കറ്റ് കേന്ദ്രത്തിന് സമർപ്പിക്കുകയും ചെയ്യുമ്പോഴാണ് രണ്ടാം ഗഡു ലഭിക്കുന്നത്. ഇപ്പോൾ ലഭിച്ച കേന്ദ്ര വിഹിതത്തിന്റെ ആനുപാതികമായ 25 ശതമാനം സംസ്ഥാന വിഹിതം ലഭ്യമാക്കാനും അത് വിനിയോഗിക്കാനും നടപടി സ്വീകരിച്ചിട്ടുണ്ട്.

എസ്. എസ്.എ. പദ്ധതിയുടെ പ്രവർത്തനവും കാലാവധിയും

146 (2865) ശ്രീ. എം. വി. ഗോവിന്ദൻ മാസ്റ്റർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

LIBRARY ARCHIVES Kerala Legislative Assembly